(ബി) 182.72 കോടി രൂപ

(സി) ഇല്ല.

(ഡി) 8-11-2000, 13-2-2001 തീയതികളിൽ വകുപ്പുതല ഉദ്യോഗസ്ഥന്മാരുടെ യോഗം ചേർന്ന്, യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഡിപ്പോകളിൽ വിറ്റഴിയാതെ കിടക്കുന്ന തടികളിൽ കഴിയുന്നത്ര പറ്റുമെങ്കിൽ മുഴുവൻ തടികളും വിറ്റഴിയ്ക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഇ&എഫ്) 31-3-2000 വരെ റവന്യൂ കുടിശിക ഇനത്തിൽ പിരിഞ്ഞ് കിട്ടാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

1988-89 വരെ	11,52,90,954
1989-90	1,31,75,147
1990-91	2,40,40,015
1991-92	1,68,84,606
1992-93	2,69,36,983
1993-94	3,77,37,779
1994-95	5,54,35,845
1995-96	1,75,82,424
1996-97	2,72,98,053
1997-98	3,30,29,189
1998-99	19,22,51,743
1999-2000	14,24,19,009

(ജി) റവന്യൂ റിക്കവറി ഊർജ്ജിതപ്പെടുത്താനും, കോടതിയിൽ നിന്ന് സ്റ്റേ സമ്പാദിച്ചിട്ടുള്ള കേസ്സുകളിൽ സ്റ്റേ ഉത്തരവ് റദ്ദാക്കി കിട്ടുന്നതിന് നടപടി ത്വരിതപ്പെടുത്താനും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എച്ച്) നിർദ്ദേശം നൽകിയിട്ടുണ്ട്.

മിസലേനിയസ് അഡ്വാൻസ് പിരിച്ചെടുക്കൽ

12 (771) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ മിസലേനിയസ് അഡ്വാൻസ് ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) 31-1-2001 വരെ ഈ ഇനത്തിൽ എന്തു തുക പിരിഞ്ഞു കിട്ടാനുണ്ടെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പല കേസുകളിലും വർഷങ്ങൾക്കു മുമ്പ് മിസലേനിയസ് അഡ്വാൻസായി പിരിഞ്ഞു കിട്ടാനുള്ള തുക ഇപ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ അപ്പീൽ വാങ്ങി തീർപ്പാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരത്തിൽ സർക്കാരിന് ലഭിക്കേണ്ട തുക വർഷങ്ങൾക്കുശേഷം അപ്പീൽ പരിഗണിച്ച് എഴുതിത്തള്ളിയ ഉദ്യോഗസ്ഥന്മാരുടെ നടപടി പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകുമോ ;

(ഇ) മിസലേനിയസ് അഡ്വാൻസ് പിരിച്ചെടുക്കുന്നതിന്റെ പുരോഗതി വിലയിരുത്താൻ സർക്കാർ തലത്തിൽ സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) 20,000 രൂപയ്ക്ക് താഴെവരുന്ന മിസലേനിയസ് അഡ്വാൻസ് തുക ബന്ധപ്പെട്ട റെയിഞ്ചാഫീസർമാരുടെ ശമ്പളത്തിൽ നിന്നും ഗഡുക്കളായി തിരികെ പിടിക്കാനുള്ള നടപടി സ്വീകരിക്കാൻ എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിശികക്കാർ ഇപ്പോൾ ജോലി നോക്കുന്ന ആഫീസ് മേധാവി മുഖേന റിക്കവറി നടത്തി വരുന്നുണ്ട്.

20,000 രൂപയ്ക്ക് മേൽ മിസലേനിയസ് അഡ്വാൻസ് നിലനിൽക്കുന്നവരുടെ കാര്യത്തിൽ ഒരു നിശ്ചിത തീയതിക്കകം തുക ട്രഷറിയിൽ ഒടുക്കുന്നതിന് കൗണ്ടർ സൈൻഡ് ചെലാൻ സഹിതം നോട്ടീസ് നൽകുകയും നിശ്ചിത തീയതിക്കകം തുക അടയ്ക്കുന്നില്ലെങ്കിൽ റവന്യൂ റിക്കവറി നടപടി കൈക്കൊള്ളാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അക്കൗണ്ടന്റ് ജനറലുമായി ബന്ധപ്പെട്ട് റീട്രെഞ്ചുമെന്റ് സ്ലിപ്പ് പുറപ്പെടുവിക്കാൻ ആവശ്യപ്പെടുകയും അതുപ്രകാരം തുക ഈടാക്കാനും നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) മിസലേനിയസ് അഡ്വാൻസ് ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക എല്ലാംതന്നെ 1990-ന് മുമ്പുള്ളതാണ്. മിസലേനിയസ് അഡ്വാൻസ് ചാർജ് ചെയ്ത സമയത്തുതന്നെ ബന്ധപ്പെട്ട റെയിഞ്ചാഫീസർമാർ അതിനെതിരെ അപ്പീൽ സമർപ്പിച്ചിരുന്നത് തീർപ്പാക്കാതെ കിടന്ന കേസുകളിൽ ചിലതിൽ അപ്പീൽ പരിശോധിച്ച് അന്തിമ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) മിസലേനിയസ് അഡ്വാൻസ് ഇനത്തിൽ ലഭിക്കേണ്ട തുക എഴുതി തള്ളിയിട്ടില്ല.

(ഇ) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വികസനം) മിസലേനിയസ് അഡ്വാൻസ് പിരിച്ചെടുക്കുന്നതിന്റെ പുരോഗതി പീരിയോഡിക്കലായി വിലയിരുത്തുന്നുണ്ട്.

നെയ്യാർ ഡാമിലെ ചീങ്കണ്ണി ഭീഷണി

13 (773) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly